**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 179** **12-10-2026-ൽ മറുപടിയ്ക്ക്**

**പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എഫ്. രാജ
ശ്രീ. എൻ. ശക്തൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. റാപിഡ് റെസ്പോൺസ് ടീം രൂപീകരണം

രോഗവ്യാപനം കണ്ടെത്തിയാൽ വേഗത്തിൽ ഫീൽഡ് തല അന്വേഷണവും തുടർന്നുള്ള രോഗനിയന്ത്രണ നടപടികളും നടത്തുന്നതിനായി റാപിഡ് റെസ്പോൺസ് ടീമുകൾ (RRT) പ്രവർത്തിക്കുന്നു. സ്ഥാപനതലത്തിൽ മാത്രമല്ല, ജില്ലാ, സംസ്ഥാന തലങ്ങളിലും റാപിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

2. മൈക്രോ പ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പകർച്ചവ്യാധി നിയന്ത്രണത്തിനായി ഹോട്ട്സ്പോട്ട് കേന്ദ്രീകരിച്ചുള്ള മൈക്രോ പ്ലാൻ തയ്യാറാക്കുകയും അതനുസരിച്ച് നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുകയും ചെയ്തുവരുന്നു. പകർച്ചവ്യാധി നിയന്ത്രണത്തിനായി തദ്ദേശ സ്വയംഭരണ, ഭക്ഷ്യ സുരക്ഷ തുടങ്ങിയ വകുപ്പുകളുമായി ഏകോപിപ്പിച്ച് വാർഡ് തല ശുചിത്വ പ്രവർത്തനങ്ങൾ, കൊതുക് നിയന്ത്രണത്തിനായി ഡ്രൈ ഡേ ആചരണം, കുടിവെള്ള സ്രോതസ്സുകളുടെ ശുചീകരണം/ ക്ലോറിനേഷൻ, മാലിന്യ നിർമാർജനം, വീടുതോറുമുള്ള ബോധവൽക്കരണം, രോഗസാധ്യതയുള്ള പ്രദേശങ്ങളുടെ പ്രത്യേക നിരീക്ഷണം, കേസുകൾ കണ്ടെത്തി ചികിത്സ ഉറപ്പാക്കൽ, ഭക്ഷണ വിതരണ കേന്ദ്രങ്ങളിലെ പരിശോധനകൾ, രോഗം വ്യാപിക്കാതിരിക്കാനുള്ള നടപടികൾ എന്നിവയും നടത്തിവരുന്നു. പകർച്ചവ്യാധി വ്യാപനം കൂടുന്ന സാഹചര്യങ്ങളിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ആഴ്ചതോറും പ്രവർത്തന അവലോകനം നടത്തിവരുന്നു.

3. കാലാവസ്ഥാധിഷ്ഠിത മുൻകരുതൽ

മഴക്കാലത്ത് ഡെങ്കിപ്പനി, എലിപ്പനി, വയറിളക്ക രോഗങ്ങൾ, ഹെപ്പറ്റൈറ്റിസ് എ, ഇ, ഇൻഫ്ലുവൻസ തുടങ്ങിയവയ്ക്കും വേനൽക്കാലത്ത് ജലജന്യ/ഭക്ഷ്യജന്യ രോഗങ്ങൾക്കും സാധ്യത വർധിക്കുന്നതിനാൽ കാലാവസ്ഥാധിഷ്ഠിത മുൻകരുതലുകൾ എടുക്കുന്നതിനും ചികിത്സാ-പ്രതിരോധ പ്രവർത്തനങ്ങൾ

ശക്തിപ്പെടുത്തുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ അവ നിരന്തരം അവലോകനം ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. സംസ്ഥാനതല ഹൈ പവർ കമ്മിറ്റി

പകർച്ചവ്യാധികളുടെ ആവർത്തനവും കാലാവസ്ഥാനുസൃതമായ രോഗവ്യാപനവും ശാസ്ത്രീയമായി പഠിച്ച് പ്രതിരോധ നടപടികൾ നിർദ്ദേശിക്കുന്നതിനായി സംസ്ഥാനതല ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**(ബി)** പകർച്ചവ്യാധികളുടെ നേരത്തെയുള്ള കണ്ടെത്തലിനും നിരീക്ഷണത്തിനുമായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

**മറുപടി:** പകർച്ചവ്യാധികളുടെ നേരത്തെയുള്ള കണ്ടെത്തലിനും നിരീക്ഷണത്തിനുമായി നിലവിലുള്ള സംവിധാനങ്ങൾ താഴെപ്പറയുന്നവയാണ്.

1. IDSP-IHIP

സാംക്രമിക രോഗങ്ങളുടെ നിരീക്ഷണ പ്രവർത്തന (സർവെയലൻസ്) സംവിധാനമാണ് Integrated Disease Surveillance Programme (IDSP). ഈ സംവിധാനത്തെ ഡിജിറ്റൽ സംവിധാനത്തിലേക്ക് കൂടുതൽ ഏകീകരിക്കുന്നതിനായി Integrated Health Information Platform (IHIP) ഉപയോഗിക്കുന്നു.

ആരോഗ്യമേഖലയിലെ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ സാംക്രമിക രോഗങ്ങളും മരണങ്ങളും റിപ്പോർട്ട് ചെയ്യാൻ ഈ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നു. ഫീൽഡ് തലത്തിൽനിന്ന് രോഗം സ്ഥിരീകരിക്കുന്നതിനുമുമ്പ് തന്നെ രോഗലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ സിൻഡ്രോമിക് സർവെയലൻസ് നടത്തുന്നു.

സിൻഡ്രോമിക് സർവെയലൻസിന്റെ ഭാഗമായി S ഫോം എൻട്രിയും സ്ഥാപനതലത്തിൽനിന്ന് P ഫോം എൻട്രിയും ലാബ് കേന്ദ്രീകരിച്ചുള്ള വിവരങ്ങൾ L ഫോം എൻട്രിയായും IHIP-ൽ രേഖപ്പെടുത്തിവരുന്നു. NIL റിപ്പോർട്ടിങ്, ഇവന്റ് റിപ്പോർട്ടിങ് എന്നിവയും IHIP-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ കേസുകളുടെ വിവരങ്ങൾ ശേഖരിക്കുന്നു.

ജില്ലാതലത്തിലും പ്രാദേശിക തലത്തിലും രോഗവ്യാപനത്തിന്റെ പ്രവണത മനസ്സിലാക്കി OUTBREAK സാധ്യതയുള്ള പ്രദേശങ്ങളിൽ ആവശ്യമായ RRT രൂപീകരിക്കുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. ദൈനംദിന രോഗ-മരണ കണക്കുകൾ കേരള ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു.

2. പ്രത്യേകമായിട്ടുള്ള രോഗനിരീക്ഷണ സംവിധാനം

എല്ലാ രോഗങ്ങളും ഒരേ സർവെയലൻസ് സംവിധാനത്തെ മാത്രം ആശ്രയിക്കുന്നില്ല. രോഗത്തിന്റെ സ്വഭാവമനുസരിച്ച് പ്രത്യേക സംവിധാനങ്ങളും നിലവിലുണ്ട്. ഉദാഹരണമായി, വാക്സിൻ പ്രിവന്റബിൾ രോഗങ്ങളായ മീസിൽസ്, റൂബെല്ല, പോളിയോ തുടങ്ങിയവയ്ക്കായുള്ള VSIMS (Vaccine Preventable Disease Surveillance Information Management System), ഇൻഫ്ലുവൻസ, കോവിഡ് എന്നിവയ്ക്കായുള്ള ILI Surveillance, എബോള പോലെയുള്ള രോഗങ്ങൾക്കായുള്ള പ്രത്യേക സർവെയലൻസ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

3.RPEID CELL (Regional PEID Cell)

പകർച്ചവ്യാധികളുടെ നേരത്തെയുള്ള കണ്ടെത്തലിനും നിരീക്ഷണത്തിനുമായി മെഡിക്കൽ കോളേജ് ക്യാമ്പസുകളിൽ RPEID CELL (Regional PEID Cell) പ്രവർത്തിക്കുന്നുണ്ട്. ഈ സെൽ വഴി നിത്യേന ഒ.പി., ഐ.പി. പകർച്ചവ്യാധികളുടെ വിവര ശേഖരണം നടത്തുകയും അത് ക്രോഡീകരിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്കും, സംസ്ഥാന തലത്തിൽ State PEID CELL നും അയക്കുകയും ചെയ്യുന്നു.

**(സി)** പകർച്ചവ്യാധി വ്യാപനം ഉണ്ടായാൽ ദ്രുതഗതിയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന, ജില്ലാ തലങ്ങളിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കേരളത്തിലെ ആരോഗ്യ മേഖലയിലെ സ്ഥാപനതലം, ജില്ലാതലം, സംസ്ഥാനതലം എന്നിവിടങ്ങളിൽ Rapid Response Team (RRT) സംവിധാനം രൂപീകരിച്ചിട്ടുണ്ട്. അസാധാരണമായ രോഗവർധനയോ രോഗികളുടെ ക്ലസ്റ്ററിങ്ങോ കണ്ടെത്തി രോഗവ്യാപനം സംശയിക്കുന്ന സാഹചര്യങ്ങളിലും Outbreak സ്ഥിരീകരിക്കുന്ന സാഹചര്യങ്ങളിലും കൂടുതൽ കേസുകൾ കണ്ടെത്തുക, രോഗവ്യാപനത്തിന്റെ വ്യാപ്തിയും സാഹചര്യങ്ങളും ശാസ്ത്രീയമായി വിലയിരുത്തുന്നതിനായി അന്വേഷണം നടത്തുക, രോഗവ്യാപനത്തിന്റെ ഉറവിടവും പകർച്ചാമാർഗങ്ങളും കണ്ടെത്തുക, കൂടാതെ രോഗനിയന്ത്രണ-പ്രതിരോധ പ്രവർത്തനങ്ങൾ അടിയന്തരമായി ഏകോപിപ്പിച്ച് നടപ്പിലാക്കുക എന്നിവയാണ് RRT-യുടെ പ്രധാന ലക്ഷ്യങ്ങൾ.

സ്ഥാപനതലം മുതൽ ജില്ലാതലവും സംസ്ഥാനതലവും വരെ പരസ്പര ഏകോപനത്തോടെ പ്രവർത്തിക്കുന്നതിലൂടെ രോഗവ്യാപനം നേരത്തേ കണ്ടെത്തി സമയബന്ധിതമായി ഇടപെടുന്നതിനും കൂടുതൽ കേസുകൾ ഉണ്ടാകുന്നത് തടയുന്നതിനും ഫലപ്രദമായ containment നടപടികൾ ഉറപ്പാക്കുന്നതിനും RRT സംവിധാനം സഹായിക്കുന്നു.

**(ഡി)** രോഗനിർണയം, ചികിത്സ, ഐസൊലേഷൻ, ക്വാറന്റൈൻ, മരുന്നുകളുടെ ലഭ്യത എന്നിവ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

**<u>മറുപടി:</u>** രോഗനിർണ്ണയത്തിനും പകർച്ചവ്യാധികളുടെ സ്ഥിരീകരണത്തിനുമായി സംസ്ഥാനത്ത് വിവിധ തലങ്ങളിലായി വിപുലമായ ലബോറട്ടറി ശൃംഖല സജ്ജമാണ്. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി, റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ, ജില്ലാതല പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ, മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന Viral Research and Diagnostic Laboratories (VRDL), തോന്നയ്ക്കൽ ആസ്ഥാനമായുള്ള Institute of Advanced Virology (IAV), ബയോ സേഫ്റ്റി ലെവൽ-3 (BSL-3) സൗകര്യമുള്ള രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), NIV ആലപ്പുഴ എന്നിവ രോഗനിർണയത്തിനും ലബോറട്ടറി പരിശോധനകൾക്കും സജ്ജമാണ്. നിപ, എബോള തുടങ്ങിയ ഉയർന്ന അപകട സാധ്യതയുള്ള രോഗങ്ങൾ സംശയിക്കുന്ന സാഹചര്യങ്ങളിൽ ആവശ്യമായ സ്ഥിരീകരണ പരിശോധനകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), പൂനെ ഉൾപ്പെടെയുള്ള ദേശീയതലത്തിലുള്ള റഫറൽ സംവിധാനങ്ങളുടെ സഹായത്തോടെ നടത്തിവരുന്നു.

മഴക്കാലം, പ്രകൃതിദുരന്തങ്ങൾ, യുദ്ധസാഹചര്യങ്ങൾ തുടങ്ങിയ രോഗവ്യാപനത്തിന് സാധ്യതയുള്ള സാഹചര്യങ്ങളെ മുൻകൂട്ടിക്കണ്ട് മൂന്ന് മാസത്തേക്കുള്ള ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സ്ഥാപനതലത്തിൽ മുൻകരുതൽ സംഭരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. രോഗബാധിതരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ ആവശ്യാനുസരണം

പ്രത്യേക പനി ക്ലിനിക്കുകൾ, മെഡിക്കൽ ടീമുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കോവിഡ്-19ന് സമാനമായ അടിയന്തര സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള രോഗവ്യാപന ഘട്ടങ്ങളിൽ രോഗികളെ വേർതിരിച്ച് പരിചരിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ ഐസൊലേഷൻ കേന്ദ്രങ്ങൾ കണ്ടെത്തി സജ്ജീകരിച്ചിട്ടുണ്ട്. എബോള ഉൾപ്പെടെയുള്ള ഉയർന്ന അപകട സാധ്യതയുള്ള രോഗങ്ങളുടെ surveillance-ന്റെ ഭാഗമായി, വിവിധ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ച് ഇത്തരം ഐസൊലേഷൻ കേന്ദ്രങ്ങൾ നിശ്ചയിക്കുകയും അവയുടെ പ്രവർത്തനത്തിനായി നോഡൽ ഓഫീസർമാരെ ഉൾപ്പെടെയുള്ള ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, നിപ പോലുള്ള അടിയന്തര പ്രാധാന്യമുള്ള പകർച്ചവ്യാധി സാഹചര്യങ്ങളിൽ ആവശ്യമായ മരുന്നുകളും മറ്റ് അവശ്യവസ്തുക്കളും അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനവും സംസ്ഥാനത്ത് നിലവിലുണ്ട്. നടപടിക്രമങ്ങളിലെ കാലതാമസം മൂലം മരുന്നുസംഭരണ കേന്ദ്രങ്ങളിൽ നിന്നും മരുന്ന് ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്ന പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മരുന്ന് ലഭ്യമാക്കുന്നുണ്ട്.

ആവശ്യമായ ഘട്ടങ്ങളിൽ വിദേശത്തു നിന്നുപോലും മരുന്നുകൾ അടിയന്തരമായി എത്തിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, ആരോഗ്യ വകുപ്പിൽ നിന്നും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാകുന്ന വാർഷിക ഇൻഡന്റുകൾ ക്രോഡീകരിച്ച് ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സര ഇലക്ട്രോണിക് ദർഘാസുകളിലൂടെ ലഭ്യമായ എല്ലായിനം അവശ്യ മരുന്നുകളും സംസ്ഥാനത്തെ വിവിധ ജില്ലാ മരുന്നുസംഭരണ കേന്ദ്രങ്ങളിലൂടെ അതത് സർക്കാർ ആശുപത്രികൾക്ക് നൽകിവരുന്നുണ്ട്.

National Vector borne Disease Control Programme (NVBDCP) ന് വേണ്ടി ആരോഗ്യ വകുപ്പ് ഡയറക്ടർ (DHS), ദേശീയ ആരോഗ്യ ദൗത്യം (NHM) മുഖേന ഭരണാനുമതി നൽകുന്ന മരുന്നുകൾക്ക് കെ.എം.എസ്.സി.എൽ ദർഘാസ് ക്ഷണിച്ച് മരുന്ന് വിതരണം നടത്തിവരുന്നു.

**(ഇ)** പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യപ്രവർത്തകർക്ക് പരിശീലനം, പൊതുജന ബോധവൽക്കരണം, വിവിധ വകുപ്പുകളുടെ ഏകോപനം എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പകർച്ചവ്യാധി പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യപ്രവർത്തകർക്ക് നിശ്ചിത ഇടവേളകളിൽ ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നു. Training of Trainers (ToT) മാതൃകയിൽ പരിശീലനം സംഘടിപ്പിച്ച്, പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ മുഖേന ജില്ലാതലം മുതൽ താഴെത്തട്ടിലുള്ള ആരോഗ്യപ്രവർത്തകർക്ക് വരെ തുടർപരിശീലനം നൽകുന്ന സംവിധാനം നിലവിലുണ്ട്. ഇതിലൂടെ പകർച്ചവ്യാധി നിരീക്ഷണം, രോഗനിർണയം, പ്രതിരോധം, രോഗനിയന്ത്രണം, outbreak response തുടങ്ങിയ മേഖലകളിൽ ആരോഗ്യപ്രവർത്തകരുടെ ശേഷി വർധിപ്പിക്കുന്നതിന് സാധിക്കുന്നു.

പൊതുജനങ്ങളിൽ പകർച്ചവ്യാധികളെക്കുറിച്ചുള്ള അവബോധവും പ്രതിരോധ ശീലങ്ങളും ശക്തിപ്പെടുത്തുന്നതിനായി വിവിധ IEC (Information, Education and Communication) പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. വീഡിയോകൾ, പോസ്റ്ററുകൾ, ലഘുലേഖകൾ തുടങ്ങിയ ബോധവൽക്കരണ

സാമഗ്രികൾ തയ്യാറാക്കി സിനിമാ തിയേറ്ററുകൾ, സാമൂഹിക മാധ്യമങ്ങൾ, വിവിധ പത്ര-ദൃശ്യ മാധ്യമങ്ങൾ, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ് തുടങ്ങിയ വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുവരുന്നു. കൂടാതെ, പകർച്ചവ്യാധികളുടെ പ്രതിരോധവും നിയന്ത്രണവും കൂടുതൽ ഫലപ്രദമാക്കുന്നതിനായി Rapid Response Team (RRT)-ന്റെ പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തവും ഏകോപനവും ഉറപ്പാക്കിയിട്ടുണ്ട്. രോഗവ്യാപന സാഹചര്യങ്ങളിൽ ആവശ്യമായ വിവിധ മേഖലകളിലെ വിദഗ്ധരുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കുന്നതിലൂടെ സമയബന്ധിതവും ഏകോപിതവുമായ പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പകർച്ചവ്യാധികളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

ആരോഗ്യ പ്രവർത്തകർക്ക് PEID CELL വിഭാഗത്തിന്റെ നേതൃത്വത്തിൽ ട്രെയിനിംഗ്, പൊതുജന ബോധവൽക്കരണം എന്നിവ നടത്തി വരുന്നുണ്ട്.

**(എഫ്)** പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി പുതിയ പദ്ധതികളോ മാർഗനിർദേശങ്ങളോ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** ഉണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെയും രോഗവ്യാപനം സമയബന്ധിതമായി കണ്ടെത്തി നിയന്ത്രിക്കുന്നതിന്റെയും ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സ്ക്വാഡുകളുടെ രൂപീകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. സമൂഹതലത്തിൽ രോഗസാധ്യതകൾ നേരത്തേ കണ്ടെത്തുക, ആരോഗ്യജാഗ്രത ശക്തിപ്പെടുത്തുക, പ്രതിരോധ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുക, പ്രാദേശികതലത്തിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**